**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1417** **03-02-2026 - ൽ മറുപടിയ്ക്ക്**

**ദേശീയ-അന്തർദേശീയ നിലവാരത്തിലേയ്ക്ക് സർക്കാർ സ്കൂളുകളെ ഉയർത്തിക്കൊണ്ടുവരുന്ന പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യ വികസനവും അക്കാദമിക മികവും ഉയർത്തിയതിന്റെ ഫലമായി കഴിഞ്ഞ പത്തുവർഷത്തിനിടയിൽ സർക്കാർ സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായതായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | കേരളത്തിലെ 2017-18 മുതൽ 2025-26 വരെ പൊതുവിദ്യാലയത്തിൽ (സർക്കാർ, എയ്ഡഡ്) പുതുതായി വന്നു ചേർന്ന കുട്ടികളുടെ എണ്ണം (2 മുതൽ 10 വരെ) മുൻവർഷവുമായി താരതമ്യം ചെ.യ്തു പരിശോധിക്കുമ്പോൾ കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് ഉള്ളതായി കാണാൻ സാധിക്കും. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യ വികസനവും അക്കാദമിക മികവും ഉയർത്തിയതിന്റെ ഫലമായി തന്നെയാണ് കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ സർക്കാർ സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുള്ളത്.<br><br>പൊതുവിദ്യാലയങ്ങളിലെ (സർക്കാർ, എയ്ഡഡ്) കഴിഞ്ഞ 10 വർഷത്തെ കുട്ടികളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവ് ചുവടെ ചേർക്കുന്നു<br><br>വർഷം വർദ്ധനവ് വന്ന കുട്ടികളുടെ എണ്ണം ( 2 മുതൽ 10 വരെ)<br><br>2016-17 116166<br><br>2017-18 140007<br><br>2018-19 174650<br><br>2019-20 166948<br><br>2020-21 166207<br><br>2021-22 227556<br><br>2022-23 119970<br><br>2023-24 42881 |

| | | | |
|---|---|---|---|
| | | | 2024-25 34589<br><br>2025-26 40906 |
| (ബി) | പ്രസ്തുത കാലയളവിൽ സർക്കാർ സ്കൂളുകളുടെ അടിസ്ഥാന വികസനത്തിനായി വിവിധ ഫണ്ടുകൾ ഉപയോഗിച്ച് നിർമ്മിച്ച സ്കൂൾ കെട്ടിടങ്ങൾ അനുബന്ധ സ്ഥാപനങ്ങൾ എന്നിവയ്ക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിലത് വ്യക്തമാക്കാമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു. |
| (സി) | ഇത്തരത്തിൽ ഇതുവരെ എത്ര ചതുരശ്രമീറ്റർ കെട്ടിടങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന വിവരം ലഭ്യമാണോ; എങ്കിൽ പ്രസ്തുത വിവരം നൽകാമോ; അവയുടെ നിർമാണ പുരോഗതി വ്യക്തമാക്കാമോ; | (സി) | വിവരം ശേഖരിച്ചു വരുന്നു. |
| (ഡി) | ദേശീയ-അന്തർദേശീയ നിലവാരത്തിലേയ്ക്ക് സർക്കാർ സ്കൂളുകളെ ഉയർത്തിക്കൊണ്ടുവരുന്ന പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിന് അടിയന്തര നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ? | (ഡി) | കിഫ്‌ബി പദ്ധതിയിലുൾപ്പെട്ട സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ കൃത്യമായ ഇടവേളകളിൽ അവലോകനം നടത്താറുണ്ട്. നിർമ്മാണപ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾക്കും കിഫ്‌ബിക്കും നിർദ്ദേശം നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ